**കേരള സർക്കാർ**

സംഗ്രഹം

<u>ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ – അദാലത്ത് നടത്തുന്നതിനുള്ള നടപടി ക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.</u>

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

സ ഉ (സാധ) നം 3634 /2017/ധന തിരുവനന്തപുരം തിയതി 25.04.2017

പരാമർശം :- 1. സ ഉ ( എം എസ് ) 282/2016/ധന തിയതി 15/07/2016
2. സ ഉ ( എം എസ് ) 437/2016/ധന തിയതി 08/11/2016
3. സ ഉ ( എം എസ് ) 34/2017/ധന തിയതി 21/01/2017
4. സ ഉ ( എം എസ് ) 67/2017/ധന തിയതി 06/02/201
5. സ ഉ ( എം എസ് ) 204/2017/ധന തിയതി 23/03/2017

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷ പെൻഷൻ നടപടികൾ ക്രമീകരിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി 2017 -18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ചില നടപടികൾ സൂചിപ്പിച്ചിരുന്നു. പരാമർശം ( 1 ) ഉം പരാമർശം ( 5 ) ഉം പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ യഥാക്രമം 1000/- രൂപയായും 1100/- രൂപയായും സർക്കാർ ഉയർത്തുകയുണ്ടായി. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കുടുംബശ്രീ മുഖാന്തിരം ശേഖരിക്കുകയും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ ക്രമീകരിക്കുകയുണ്ടായി. ഇതേ തുടർന്ന് പെൻഷൻ സംബന്ധിച്ച ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ പരാതികൾ ജനകീയമായി പരിഹരിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപറേഷൻ എന്നിവിടങ്ങളിൽ പെൻഷൻ അദാലത്ത് നടത്തുവാൻ പരാമർശം ( 3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2) അദാലത്ത് നടത്തുന്നത് സംബന്ധിച്ച ചുവടെ ചേർത്തിരിക്കുന്ന നടപടി ക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

(i) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ അംഗമായി ID നമ്പർ ലഭിച്ചവരും ഒരു തവണയെങ്കിലും പെൻഷൻ ലഭിച്ചവർക്കും മാത്രമേ ഈ അദാലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

(ii) അദാലത്തിൽ പരിഗണിക്കേണ്ട പരാതികൾ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് എഴുതി നൽകേണ്ടതാണ്.

(iii) അദാലത്തിനു നൽകുന്ന പരാതിയിൽ, പരാതിക്കാരന്റെ പേര്, പെൻഷൻ ഐ.ഡി., പെൻഷൻ ഇനം ആധാർ നമ്പർ/അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് , പരാതിയുടെ ചുരുക്കം ഇതിനാവശ്യമായ രേഖകൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(iv) അദാലത്തിന് നിശ്ചയിച്ച തീയതിയും സ്ഥലവും മുൻകൂട്ടി പ്രാദേശിക സർക്കാർ കമ്മിറ്റികൾ തീരുമാനിക്കേണ്ടതും പരസ്യപ്പെടുത്തേണ്ടതുമാണ്.

(v) അദാലത്തിന് നിശ്ചയിക്കുന്ന സ്ഥലം പൊതുജനങ്ങൾക്ക് എത്തിച്ചേരാനും പങ്കെടുക്കുന്ന പെൻഷൻകാർക്ക് ഇരിപ്പിട സൗകര്യമുള്ളതുമായിരിക്കണം.

(vi) അദാലത്തിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം, തീയതി, സമയം എന്നിവ എല്ലാ പെൻഷൻകാരെയും അറിയിക്കേണ്ടതാണ്.

(vii) അദാലത്ത് തീയതിക്ക് 5 ദിവസംമുമ്പ് പരാതികൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിക്കണം.

(viii) ലഭിക്കുന്ന പരാതികൾക്ക് കൃത്യമായ നമ്പർ നൽകുകയും പരാതി പ്രാദേശിക സർക്കാരിന്റെയും വെൽഫെയർ പെൻഷൻ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(ix) പരാതികൾ അത് പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം വേണം നല്കാൻ

(x) ലഭിക്കുന്ന പരാതികൾ പ്രാദേശിക സർക്കാർ ഓഫീസിൽ, നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് വിശദമായി പരിശോധിച്ച് മറുപടി തയ്യാറാക്കേണ്ടതും ഇത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെയും പ്രാദേശിക സർക്കാർ അദ്ധ്യക്ഷന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

(xi) ഇങ്ങനെ എടുത്ത നടപടികൾ / തീരുമാനങ്ങൾ ആയിരിക്കണം അദാലത്ത് ടീമിന്റെ പരിഗണക്കായി ലഭ്യമാക്കേണ്ടതാണ്.

(xii) അദാലത്തിൽ പരാതികൾ കേൾക്കുന്നതിനും / പരിശോധിക്കുന്നതിനും പരിഹാര നിർദ്ദേശത്തിനുമായി 3 അംഗ അദാലത്ത് ടീമിനെ നിശ്ചയിക്കണം.

(xiii) അദാലത്ത് ടീമിൽ പ്രാദേശിക സർക്കാർ പ്രസിഡന്റ് / ചെയർമാൻ / മേയർ അദ്ധ്യക്ഷനായിരിക്കും. പ്രാദേശിക സർക്കാർ സെക്രട്ടറി സംസ്ഥാന സർക്കാർ സർവീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ എന്നിവർ അദാലത്ത് ടീമിലെ അംഗങ്ങളായിരിക്കും.

(xiv) അദാലത്ത് ടീമിന്റെ തീരുമാനം നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും പൂർണമായും വിധേയമായിരിക്കണം.

(xv) എഴുതി നൽകിയിട്ടുള്ള പരാതികൾ അദാലത്തിൽ ഉന്നയിക്കുന്നതിന് പരാതിക്കാർക്ക് അവസരം നൽകണം. ഇതിൽ അദാലത്ത് ടീമിന്റെ തീരുമാനം പരസ്യമായി അറിയിക്കേണ്ടതും പരാതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(xvi) അദാലത്ത് ടീമിന്റെ തീരുമാനം വെബ്സൈറ്റിൽ 2 ദിവസത്തിനകം പ്രസിദ്ധീകരിക്കേണ്ടതാണ്.

(xvii) അദാലത്ത് ടീമിന്റെ തീരുമാനം പ്രകാരമുള്ള മാറ്റങ്ങൾ ഡേറ്റ ബേസിൽ 7 ദിവസത്തിനകം വരുത്തേണ്ടതാണ്.

(xviii) പ്രാദേശിക സർക്കാർ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇതിനു വ്യക്തിപരമായ ഉത്തരവാദികൾ ആയിരിക്കും.

(xix) 2017 മെയ് 31 നകം ഈ പദ്ധതി പൂർത്തിയാക്കണം.

(xx) അദാലത്തിൽ താഴെ പറയും പ്രകാരം സമയ ക്രമം പാലിക്കേണ്ടതാണ്.

a. അദാലത്തിനുള്ള സമയം, സ്ഥലം തിയതി എന്നിവ നിശ്ചയിച്ച പ്രാദേശിക സർക്കാർ 30/04/2017 നു മുൻപ് പ്രസിദ്ധീകരിക്കണം.

b. അദാലത്ത് നടത്തേണ്ടുന്ന പീരീഡ് 10/05/2017 മുതൽ 20/05/2017 വരെ (ഈ കാലഘട്ടത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ഉചിതമായ തിയതി നിശ്ചയിക്കാവുന്നതാണ്)

c. അദാലത്തു പ്രകാരം, പെൻഷൻ ഡാറ്റാബേസിൽ മാറ്റം വരുത്തേണ്ടുന്ന അവസാന തിയതി 27/05/2017

d. ഡാറ്റാബേസ് സിംക്രണൈസേഷൻ 30/04/2017 മുതൽ 09/05/2017 വരെ

e. അദാലത്തു തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റ ബേസ് പരിഷ്കരണം 10/05/2017 മുതൽ 30/05/2017 വരെ

(xxi) അദാലത്തിനായി തനതു ഫണ്ടിൽ നിന്നും പണം ചിലവഴിക്കുന്നതിനു പ്രാദേശിക സർക്കാരുകൾക്ക് അനുവാദം നൽകുന്നു.

(xxii) അദാലത്ത് സംബന്ധിച്ച് ഒരു റിപ്പോർട്ട് എല്ലാ പ്രാദേശിക സർക്കാരുകളും ഡി ബി റ്റി സെല്ലിന് അദാലത്തിന് ശേഷം 10 ദിവസത്തിനകം നൽകേണ്ടതാണ്.

(xxiii) ഈ പദ്ധതിയുടെ (അദാലത്തിന്റെ) നടത്തിപ്പ് ചുമതല പൂർണ്ണമായും ഡി.ബി.ടി. സെല്ലിനായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

ഇ കെ പ്രകാശ്
ധനകാര്യ സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ